കഥ

# ഒരു വീണ്ടും ജനനം

**ജോൺ ഇളമത**

**മൂ**ന്നു പേർ, അവർ സഹോദരരായിരുന്നു. മത്തായി, ചാക്കോ, ലൂക്ക! പാറ പോലെ ഉറച്ച മാംസപേശികൾ അവർക്കുണ്ടായിരുന്നു. പാറമടയിൽ തുരങ്കം ഉണ്ടാക്കി, തോട്ട വച്ച് അവർ വലിയ പാറകളെ പൊട്ടിച്ചു. വിയർപ്പുതുള്ളികൾ അവരുടെ ക്ലാവു പിടിച്ച ഓട്ടു നിറമുള്ള മേനിയിലൂടെ ഒഴുകി നടന്നു. മദ്ധ്യാഹ്ന സൂര്യന്റെ കിരണങ്ങളേറ്റ് അവ രജത ഗോളങ്ങൾ പോലെ തിളങ്ങി. അവർ, കഠിനമായി ജോലി ചെയ്ത് മറ്റു തൊഴിലാളികളേക്കാളേറെ സമ്പാദിച്ചു.

പണി കഴിഞ്ഞാൽ എന്നും അന്തിക്ക് കവലയിലെ ടി.എസ്സ്. നമ്പർ 33 കള്ളുഷാപ്പിൽ, അവർ കൂടുക പതിവായിരുന്നു. വിൽപ്പനക്കാരൻ നാരായണൻ അവർക്ക് പ്രത്യേകം സ്ഥലം ഒരുക്കിയിരുന്നു. അവിടെ ഷാപ്പിലെ സ്ഥിരം ബോറന്മാർക്ക് പ്രവേശനം ഇല്ലായിരുന്നു. അവിടെ ചരൽ വിരിച്ച തറയിൽ എല്ലോ, മുള്ളോ, കിടക്കാതെ നാരായണൻ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. മറ്റു സെല്ലുകളിലേപ്പോലെ കാലിളകിയ ബഞ്ചുകളോ, മെഴുക്കു പുരണ്ട മേശയോ അവിടെ ഇല്ലായിരുന്നു. പകരം ഉറച്ച ബഞ്ചും, സോപ്പിട്ടു കഴുകി തുടച്ച മേശയും ആ സെല്ലിന്റെ പ്രത്യേകതയായിരുന്നു. പമ്പും, പാഴ്തടിയും കൊണ്ടു നിർമ്മിച്ച ആ സെല്ലിൽ 'സിൽക്കു സ്മിത മുഴുത്ത മാറു കാട്ടി കുനിഞ്ഞു നിൽക്കുന്ന ഒരു വലിയ പോസ്റ്ററും തൂക്കിയിരുന്നു.

മറുവശത്ത്, വെള്ളയടിച്ച ഒരു വലിയ പലക ഉറപ്പിച്ചിരുന്നു. അതിന് ചുവന്ന മഷിയിൽ കള്ളിന്റെ വില വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.

| | |
|---|---|
| ഇളംകള്ള്...........കോപ്പ.......രൂപ | സ്പെഷ്യൽ : ആനമയക്കി, അലമ്പുണ്ടാക്കി |
| ഉച്ചക്കള്ള്............കോപ്പ.......രൂപ | അടിയിൽ ജീസസ് ക്രൈസ്റ്റ് |
| അന്തിക്കള്ള്........കോപ്പ.......രൂപ | (മൂന്നാംദിവസം മാത്രമേ |
| | ഉയർത്തെഴുന്നേൽക്കൂ!) |

അവർ മൂന്നുപേരും കയറിയാൽ, വിൽപ്പനക്കാരൻ നാരായണന് പതിവ് കാര്യങ്ങളറിയാം. വെള്ളം തൊടാത്ത അന്തി ചെത്തിയ മൂന്നു വലിയ കോപ്പ. കോപ്പക്കും പ്രത്യേകതയുണ്ട്. സാധാരണ കോപ്പയേക്കാൾ വലിയ കുടുവൻ കോപ്പ. സുമാർ ഒന്നരകുപ്പി കള്ള് അതിൽ കൊള്ളും.

അന്നും പതിവുപോലെ നാരായണൻ, മൂവരുടെ മുമ്പിലും മൂന്നുകോപ്പ അന്തി നിരത്തി, ഭവ്യതയോടെ നിന്നു. അതിന്റെ അർത്ഥം അവർക്കറി! അടുത്തപടി കറി വിൽപ്പനക്കാരൻ സുകുമാരനെ വിളിക്കട്ടെയോ എന്ന്!

അപ്പോൾ കള്ളിലെ ചത്ത ഒരു ചെറുവണ്ടിനെ തോണ്ടി തെറിപ്പിച്ച് മത്തായി നാരായണന്റെ മുമ്പിലിട്ടു, നർമ്മബോധം വിടാതെ പറഞ്ഞു:

തേണ്ട് നീയിതിനെ ഒന്നു പൊരിച്ചോണ്ടു വാ!

നാരായണൻ വണ്ടിനെ തോണ്ടി കയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കി പ്രതിവചിച്ചു.

ഇതു മാട്ടത്തിലൊണ്ടാകുന്നതാ, ചെറുവണ്ടു കുടിച്ചു ചത്ത കള്ളിനു വീര്യം കൂടും! കടുകുമണിയുടെ വലിപ്പമുള്ള വണ്ടത്താനെ, ചൂണ്ടുവിരലും, തള്ളവിരലുമുപയോഗിച്ച് തട്ടി തെറിപ്പിച്ച്, നാരായണൻ മറ്റൊരു നർമ്മബോധം തിരിച്ചടിച്ചു.

മൂത്തകുഞ്ഞേ, എത്ര അരിച്ചാലും, ഈവക പോകത്തില്ല. അല്ലേലും ഉള്ളി ചെന്നാ ഇതൊരു ഔഷധഗുണമാ. കണ്ണിനു കാഴ്ച കൂടും! ഹ, ഇതല്ലാതെ ഇതിനകത്ത് വല്ല കാണ്ടാമൃഗവും ചത്തു കെടക്കാമ്പറ്റോ! മൂവരും പൊട്ടിച്ചിരിച്ചു. കൂട്ടത്തിൽ നാരായണനും!

മത്തായിയേയും, ചാക്കോയേയും, ലൂക്കോയേയും നാരായണനുൾപ്പെടെ ഷാപ്പുജീവനക്കാർ ബഹുമാനസൂചകമായി മൂത്തകുഞ്ഞ്, നടുവത്താൻ, ഇളമീൽ എന്നിങ്ങനെയാണ്, സംബോധന!

അപ്പോൾ ഇളമീലായ ലൂക്ക ഒന്നനങ്ങി:

എന്തു പണ്ടാരമെങ്കിലുമാകട്ടെ, താനാ സുകുമാരനെ ഒന്നു വിളി!

നാരായണൻ നീട്ടി വിളിച്ചു:

എടോ, സുകുമാരാ!

സുകുമാരൻ വന്നു. കുറുകി തടിച്ച്, ഞണ്ടിന്റെ ആകൃതിയിൽ. സുകുമാരന്റെ കഷണ്ടി കണ്ണാടി പോലെ മിന്നി. രണ്ടു കൈകളും കുറുകെ മാറിൽ ചേർത്തു പിടിച്ച്, സുകുമാരൻ ആജ്ഞ കാത്തു നിന്നു. അവന്റെ തുറിച്ച കണ്ണുകളിൽ നിന്ന് ഭവ്യത ഒഴുകി. അവൻ ചിരിക്കാൻ ശ്രമിച്ചു, അത് ഒരു കരച്ചിൽ പോലെ അതു പുറത്തേക്കൊഴുകി.

നടുവത്താൻ ചോദിച്ചു:

തിന്നാൻ എന്തോണ്ടടോ?

ഒറ്റശ്വാസത്തിൽ സുകുമാരൻ ഉരുവിട്ടു:

ഞണ്ട്, കക്കാ, ചെമ്മീൻ, നരിമീൻ, നെയ്മീൻ, വരാല്, വാള, കാളാഞ്ചി!

എടാ നസ്രാണിക്ക്, തിന്നൊങ്കൊള്ളുന്ന എറച്ചിവർഗ്ഗമൊന്നുമില്ലേ?

ഒണ്ടേ! താറാവ്, നെയ്കോഴി, കാട, മുണ്ടി

നടുവത്താൻ അതൊന്നു തിരുത്തി.

എടാ ദേഹത്ത് എറച്ചി ഒള്ള വർഗ്ഗങ്ങൾ!ട

ഒണ്ടേ! ആട്, പോത്ത്, കാള!

തിരുനൽവേലീന്ന് നടത്തി അടിച്ചോണ്ടു വരുന്ന ക്ഷയരോഗം പിടിച്ച പാണ്ടിക്കാളയാണോടാ? മൂത്തകുഞ്ഞിന്റെ ചോദ്യം?

അല്ല, നല്ല ഒന്നാം തരം, തടിപ്പിക്കാത്ത മൂരിക്കുട്ടന്റെ എറച്ചി!

തടിപ്പിക്കാത്ത കാളക്കുട്ടിയോ? മൂത്തകുഞ്ഞ് പൊട്ടിച്ചിരിച്ചു. പ്രഹസനം ചൊരിഞ്ഞു:

എടാ, അതു ഞങ്ങടെ ബൈബിളി പറേന്നതാ! മുടിയനായ പുത്രന്റെ കഥേല്! ഷാപ്പില് അത്തരം എറച്ചി കിട്ടണോങ്കി നീ ഒരു ജന്മം കൂടി ജനിക്കണം!

അപ്പോൾ ഇളമീൽ സംസാരത്തിന് തട ഇട്ടു:

സുകുമാരാ, താനൊരു കാര്യം ചെയ്യ്! ഒരു മൂരി, ഒരാട്, ഒരു താറാവ്, താനിത്രേം ഇപ്പോ കൊണ്ടുവാ!

നടുവത്താൻ ചോദിച്ചു?

തൊടാൻ എന്തോണ്ടെടോ?

കല്ല്യാണി ഇട്ട ഒന്നാംതരം കണ്ണിമാങ്ങാ അച്ചാറൊണ്ട്.

എന്നാ, അതും കൊണ്ടുവാ, ഇച്ചിരെ!

അൽപ്പസമയത്തിനുള്ളിൽ, സുകുമാരൻ വന്നു. ആവി പറക്കുന്ന ഒലത്തും, കറികളുമായി,. കൂടെ പുളിയും എരിവുമുള്ള, തൊടാൻ-കണ്ണിമാങ്ങാ അച്ചാറും, കപ്പപ്പുഴുക്കുമായി!

സുകുമാരൻ മുഖവുര ഉണർത്തിച്ചു:

കുമരകം പാടത്തെ, നെല്ലു തിന്ന് നെയ് മുറ്റിയ താറാവാ!

ആരാടോ, അതു കറിവെച്ചത്? ഇളമീൽ ചോദിച്ചു.

കല്ല്യാണി!

ഞാനപ്പഴേ ഓർത്തു:

അവടെ കറിയായിരിക്കുമെന്ന്!

കല്ല്യാണീടെ കറീടെ രുചി അതൊന്നു വേറെയാ! മൂത്തകുഞ്ഞ് പിന്താങ്ങി.

മൂവരും കുശാലായി കുടിച്ചു. അന്തിക്കള്ളിന്റെ ലഹരി അവരുടെ മസ്തിഷ്ക്കത്തിൽ വീണ വായിച്ചു. അവർ പാടി, ഉള്ളു തുറന്നു പാടി, പാറ ഉരസ്സുന്ന സ്വരത്തിൽ! പകലദ്ധ്വാനത്തിന്റെ വ്യാകുലതകളെ അവർ കാറ്റിൽ പറത്തി.

അന്നൊരിക്കൽ, മത്തായി തനിയെ ഷാപ്പിൽ എത്തി. നാരായണനും, സുകുമാരനും അന്തിച്ചു നിന്നു. അവർ ചിന്തിച്ചു:

എന്തുപറ്റി നടുവത്താനും, ഇളമീലിനും!

വല്ല അപകടോം പിണഞ്ഞോ!... പാറപൊട്ടീരിനിടെ.

അവർ ചിന്തിച്ചു നിൽക്കെ മത്തായി, ഉണർവ്വോടെ ഓഡർ കൊടുത്തു:

മൂന്നുകോപ്പ അന്തി!

നാരായണന്റെ, വെപ്രാളം മുഖത്തു നിന്നു വായിച്ചറിഞ്ഞ മത്തായി, ലാഘവമായി പറഞ്ഞു: ചാക്കോ, മലബാറിലേക്ക് കുടിയേറി, ലൂക്കാ, മൂന്നാറ്റി,അടിമാലിക്കും! പക്ഷേ, ഞങ്ങളു പിരിയുമ്പം, ഒരൊടമ്പടി ഒണ്ടാരുന്നു. ആരെവിടെ പോയാലും, മറ്റു സഹോദരരുടെ, പങ്കൂടെ കുടിക്കാന്ന്!

മത്തായിയുടെ മുമ്പിൽ പതിവ് മൂന്നു കോപ്പ എത്തി, മൂന്നു കറീം! അയാൾ സാവധാനം കുടിച്ചു. മൂന്നു കോപ്പേം തീർന്നപ്പോൾ, ഇരുന്ന ബഞ്ചിൽ തന്നെ കിടന്നുറങ്ങി, വെളുപ്പാൻ കാലം വരെ.

പിന്നീട് കുറേ നാളേക്ക് മത്തായിയെ കണ്ടതേയില്ല. രണ്ടാഴ്ച കടന്നുപോയി. എവിടെ പോയി? നാരായണനും, സുകുമാരനും, ഗാഢമായി ചിന്തിച്ചു! എവിടേക്കെങ്കിലും, മൂത്തകുഞ്ഞും കുടിയേറിയോ?

അങ്ങനെ ഇരിക്കെ ഒരു സന്ധ്യയ്ക്ക്, മത്തായി ഉന്മേഷവാനായി വന്നു. നാരായണനും, സുകുമാരനും, ജിജ്ഞാസയായി! എവിടെ പോയിരുന്നു, മൂത്തകുഞ്ഞ് ഇത്രനാളും?

നാരായണൻ അതു ചോദിക്കാൻ, നാക്കു പൊക്കവേ മത്തായി ഓഡറിട്ടു:

രണ്ടു കോപ്പ!

നാരായണനും, സുകുമാരനും അന്തിച്ചു നിന്നു. കുടിയേറി പോയവരിലാരെങ്കിലും, ഇഹ ലോകവാസം വെടിഞ്ഞോ!

അവരങ്ങനെ ദുഃഖിച്ചിരിക്കവേ, മത്തായി സുസ്മേരവദനനായി മൊഴിഞ്ഞു:

ഞാൻ രക്ഷിക്കപ്പെട്ടു! വീണ്ടും ജനിച്ചു! ഞാൻ കുടി നിർത്തി, അതു വരുത്തിവെക്കുന്ന വിനകൾ! ഈ കഴിഞ്ഞ രണ്ടാഴ്ച ഞാനൊരു ധ്യാനത്തിനു പോയി. ധ്യാനപ്രസംഗങ്ങൾ എന്റെ മനമിളക്കി. ഞാനന്നു ശപഥം ചെയ്തു. ഇനി മദ്യപാനം, മേലിലില്ല!

അപ്പോപ്പിന്നെ ആർക്കാ, ഈ രണ്ടുകോപ്പ!

നാരായണൻ വിസ്മയപൂർവ്വം ചോദിച്ചു.

മൂത്തകുഞ്ഞ് സ്വരം താഴ്ത്തി സഗൗരവം പറഞ്ഞു:

എടാ മണ്ടാ, ഞാൻ കുടി നിർത്തീന്നു കരുതി, എന്റെ സഹോദരന്മാർക്കു കൊടുത്ത വാക്ക് തെറ്റിക്കാനാകുമോ! മത്തായിക്ക്, വാക്കുമാറ്റി ശീലമില്ല!

മൂത്തകള്ളിൽ കുടിച്ചു മരിച്ചു കൊണ്ടിരിക്കുന്ന വണ്ടത്താൻമാരേപ്പോലെ, നാരായണനും, സുകുമാരനും ചിരിച്ചു മരിച്ചു!!!